"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വെ നം.2243/2ൽപെട്ട 45.367 സെന്റ് സ്ഥലവും കെട്ടിടവും ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി സാംസ്കാരിക വകുപ്പിന് അദ്ധ്യക്ഷ കാര്യാലയവും മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആസ്ഥാനമന്ദിരവും നിർമ്മിക്കുന്നതിനായി ഉപയോഗാനുമതി നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.108/2024/RD തീയതി,തിരുവനന്തപുരം, 23-06-2024

---

പരാമർശം:-

1. ജി.ഒ.(എം.എസ്) നം.316/2010/Rev dated 07/08/2010.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 04/05/2023, 06/02/2024 തീയ്യതികളിലെ LR/5306/2023-LR(K2) നമ്പർ കത്തുകൾ.
3. സ.ഉ.(കൈ) നം.78/2024/RD തീയതി 04/05/2024.
4. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 28/04/2022ലെ ഇ2- 5635/21/സാംവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 2243/2 ൽ (ബ്ലോക്ക് 93 ൽ റീസർവ്വേ 30) പ്പെട്ട 45.367 സെന്റ് സ്ഥലവും കെട്ടിടവും ലൈസൻസ് വ്യവസ്ഥയിൽ, എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് വുഡ് ഇൻഡസ്ട്രീസ്-ന്റെ പ്രവർത്തനത്തിന് പ്രതിമാസം 1000/- രൂപ ഫീസ് നിശ്ചയിച്ച് പകരം സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കുന്നത് വരെയോ പരമാവധി 30 വർഷത്തേയ്ക്കോ ഇതിൽ ഏത് ആദ്യം വരുന്നുവോ അത് വരെ എന്ന വ്യവസ്ഥയിൽ എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് അനുവദിച്ച് കൊണ്ടു ഉത്തരവായിരുന്നു.

2. പരാമർശം (3) പ്രകാരം, 03/08/2010 ലെ ജി.ഒ.(എം.എസ്) നം.316/2010/Rev സർക്കാർ ഉത്തരവിലെ ഖണ്ഡിക 7 ഒഴിവാക്കിക്കൊണ്ട് എക്സ്- സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിനു കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 2243/2 ൽ (ബ്ലോക്ക് 93 ൽ റീസർവ്വേ 30) പ്പെട്ട 45.367 സെന്റ് സ്ഥലവും കെട്ടിടവും ലൈസൻസ് വ്യവസ്ഥയിൽ പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ച നടപടി റദ്ദ് ചെയ്തു ഉത്തരവായി.

3. സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷ കാര്യാലയവും മറ്റ് സാസ്കാരിക സ്ഥാപനങ്ങൾക്കുമായി ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിന് സമീപമുള്ള എക്സ് സർവ്വീസ് മെൻസ് സൊസൈറ്റിയുടെ സ്ഥലം സാംസ്കാരിക വകുപ്പിന് അനുവദിക്കുവാൻ പരാമർശം (4) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 2243/2 ൽ (ബ്ലോക്ക് 93 ൽ റീസർവ്വേ 30) പ്പെട്ട 45.367 സെന്റ് സ്ഥലവും കെട്ടിടവും, സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷ

കാര്യാലയവും മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആസ്ഥാന മന്ദിരവും നിർമ്മിക്കുന്നതിന്, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവാകുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവൂ ;

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;

iii) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ/ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;

iv) പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്;

v) ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സാംസ്കാരിക വകുപ്പ് സംരക്ഷിച്ചുനിർത്തേണ്ടതാണ്. ;

vi) ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലുമൊന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുന:നിക്ഷിപ്തമാകുന്നതാണ്.

**5.** മേൽ വിഷയത്തിലുള്ള തുടർനടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജി.ഒ.(എം.എസ്) നം.316/2010/Rev dated 03/08/2010- ലെ ഖണ്ഡിക 7-ലെ വ്യവസ്ഥ പ്രകാരം (പ്രതിമാസം 1000/- രൂപ എന്ന നിരക്കിൽ) എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പേരിലുള്ള പാട്ടക്കുടിശ്ശിക ഈടാക്കി വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
സാംസ്കാരിക (സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
സെക്രട്ടറി, എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 24-06-2024 10:56:30

സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്